(ഡി) വിലകുറച്ചു കാണിച്ച് രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരങ്ങൾ രജിസ്ട്രേഷനുശേഷം കേരള മുദ്രപ്പത്രനിയമം 45 ബി (1) വകുപ്പുപ്രകാരം സബ് രജിസ്ട്രാർമാരും 45 ബി (3) പ്രകാരം ജില്ലാ രജിസ്ട്രാർ സ്വമേധയാ നടപടി പ്രകാരവും കുറവ് മുദ്രസലയും ഫീസും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

174 [1113] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇപ്പോൾ ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെ പറയുന്നവയാണ്:

1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന.
2. ഇന്ദിര ആവാസ് യോജന.
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന.
4. സമ്പൂർണ്ണ ശുചിത്വയജ്ഞം.
5. സംയോജിത തരിശുഭൂമി വികസന പദ്ധതി/ഹരിയാലി.
6. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ.) (100% കേന്ദ്രസഹായം).
7. നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം.

'പുരാ' പദ്ധതി

175 [1114] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമങ്ങളിൽ എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള 'പുരാ' പദ്ധതിയിൽ കേരളത്തിലെ ഏത്ര സ്ഥലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകൾ 'പുരാ' പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലത്തെ 'പുരാ' പദ്ധതി സംബന്ധിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 'പുരാ' പദ്ധതിയിലെ നിർമ്മാണപ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിൽ 'പുരാ' പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രത്തിൽനിന്ന് ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 'പുരാ' പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ചുവടെ ചേർത്തിരിക്കുന്ന ചെറുപട്ടണങ്ങൾക്കു ചുറ്റുമുള്ള ഗ്രാമപ്രദേശങ്ങളിലാണ്;

	ജില്ല	*തിരഞ്ഞെടുക്കപ്പെട്ട ചെറുപട്ടണങ്ങൾ*
1.	ആലപ്പുഴ	കായംകുളം
2.	ഇടുക്കി	തൊടുപുഴ
3.	കാസർഗോഡ്	കാഞ്ഞങ്ങാട്
4.	കണ്ണൂർ	പയ്യന്നൂർ
5.	കൊല്ലം	പുനലൂർ
6.	കോട്ടയം	കോട്ടയം
7.	കോഴിക്കോട്	കൊയിലാണ്ടി
8.	മലപ്പുറം	പൊന്നാനി
9.	പത്തനംതിട്ട	തിരുവല്ല
10.	പാലക്കാട്	ഒറ്റപ്പാലം
11.	തൃശ്ശൂർ	കുന്നംകുളം
12.	വയനാട്	കല്പറ്റ

(ബി) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ ചുറ്റുമുള്ള അമ്പലപ്പാറ, അനങ്ങനടി, ലക്കിടിപേരൂർ, വാണിയംകുളം, ചളവറ, തൃക്കടീരി, മണ്ണൂർ എന്നീ വില്ലേജുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇല്ല.

(ഡി) പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ഫണ്ട് അനുവദിച്ചു തരികയും ചെയ്യുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

(ഇ) പദ്ധതി നടത്തിപ്പിനായി കേന്ദ്രത്തിൽനിന്നും ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ആദ്യഗഡുവായി 15.88 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly